DESPATCHED On 29/5/2020
12/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2930(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.17958/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ. കനകകുമാർ .ആർ,
റ്റി.സി. 30/497, ലക്ഷ്മി നാരായണ,
ആൽത്തറ നഗർ, വെള്ളയമ്പലം,
തിരുവനന്തപുരം – 695 010. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ് ക്ലാർക്ക്,
സാമൂഹ്യ ആരോഗ്യ കേന്ദ്രം,
വിഴിഞ്ഞം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
സാമൂഹ്യ ആരോഗ്യ കേന്ദ്രം,
വിഴിഞ്ഞം, തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

2013ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണ് ഇത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കും രേഖകൾക്കും ഏഴ് വർഷത്തിലേറെ പഴക്കമുണ്ട്. ഈ അപ്പീൽ ഹർജിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ ലഭ്യമായ വിവരങ്ങൾ മുഴുവൻ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 30/01/2020ന് നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും, ടിയാൻ ഹാജരാവുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. അതിനാൽ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കുന്നു.

3. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തിരിക്കുന്നതിനാൽ, അതിൽ പറഞ്ഞ പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൾക്കു ലഭ്യമായി എന്നുറപ്പാക്കേണ്ട ബാധ്യത ഇപ്പോഴത്തെ എസ്.പി.ഐ.ഒ.യുടേതാണ്.

4. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 12–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION